16/06/2020

2 · 3 · 20

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം

പുന്നൻ റോഡ്, തിരുവനന്തപുരം 695 001.
Tel: 0471 2335199, Fax: 0471 2330920 Email: sic.ker@nic.in

**ഹർജി നമ്പർ എ.പി. 638(3)/2012/എസ്.ഐ.സി.**

തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം

**(ഫയൽ നമ്പർ 4191/എസ്.ഐ.സി.ജി1/2012)**

**സന്നിഹിതൻ**

**ശ്രീ. എസ്. സോമനാഥൻ പിള്ള, വിവരാവകാശ കമ്മീഷണർ**

ശ്രീ. റ്റി. പി. വേണുഗോപാൽ,
ഗായത്രി,
പുത്തൻഗ്രാമം,
കുനിശ്ശേരി പി. ഒ.,
പാലക്കാട് – 678 681.
} **അപ്പീൽ ഹർജിക്കാരൻ**

**Vs**

1) **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ,
പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
മ്യൂസിയം പി. ഒ., തിരുവനന്തപുരം.**

2) **അപ്പീൽ അധികാരി &
പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് ഡയറക്ടറുടെ കാര്യാലയം,
മ്യൂസിയം പി. ഒ., തിരുവനന്തപുരം.**

} **എതിർകക്ഷികൾ**

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 07.01.2012 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭിച്ച തീയതി | 28.01.2012 |
| ഒന്നാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 11.02.2012 |
| ഒന്നാം അപ്പീൽ അപേക്ഷ തീർപ്പാക്കിയ തീയതി | 30.03.2012 |
| കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ച തീയതി | 26.03.2012 |
| ഹർജിക്കാരന്റെ രണ്ടാം അപ്പീൽ കൈപ്പറ്റിയ തീയതി | 31.03.2012 |

ശ്രീ. റ്റി. പി. വേണുഗോപാൽ 26.03.2012 – ന് കമ്മീഷനിൽ സമർപ്പിച്ച ഈ അപ്പീൽ ഹർജിയിൽ ആരോപിച്ചിരിക്കുന്നത് ടിയാൻ 07.01.2012 – ന് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർക്ക് (എസ്.പി. ഐ.ഒ.). സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട വിവരങ്ങൾക്ക് തെറ്റായ

വിവരങ്ങളാണ് ലഭിച്ചതെന്നും അതിനെതിരെ സമർപ്പിച്ച ഒന്നാം അപ്പീലിൽ അനുകൂല തീരുമാനം ഉണ്ടായില്ല എന്നുമാണ്.

2) ഈ അപ്പീൽ ഹർജി 02.03.2020 – ന് കമ്മീഷന്റെ പരിഗണനയ്ക്ക് വരികയും അപ്പീൽ ഹർജിയും അനുബന്ധ രേഖകളും എസ്.പി.ഐ.ഒ.യും അപ്പീൽ അധികാരിയും കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടും അനുബന്ധ രേഖകളും വിശദമായി പരിശോധിച്ച് അന്നേ ദിവസം തന്നെ താഴെ പറയും പ്രകാരം തീർപ്പാക്കുന്നു.

3) ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട 5 വിവരങ്ങൾക്കും വ്യക്തമായ മറുപടി എസ്.പി.ഐ.ഒ. നൽകിയിട്ടുള്ളതായി കാണുന്നു. എസ്.പി.ഐ.ഒ. യിൽ നിന്നും ലഭിച്ച വിവരങ്ങൾ തെറ്റായിട്ടുള്ളവയായിരുന്നു എന്നു കാണിച്ച് സമർപ്പിച്ച ഒന്നാം അപ്പീൽ തീർപ്പാക്കിയ അപ്പീൽ അധികാരി 30.03.2012 – ലെ പി2 –4652/12/കെ.ഡിസ് എന്ന നമ്പർ ഉത്തരവ് പ്രകാരം വ്യക്തത വരുത്തിയിട്ടുള്ളതായും കാണുന്നു. ഈ സാഹചര്യത്തിൽ ഈ അപ്പീൽ ഹർജിയിൽ അനന്തര നടപടികൾ ആവശ്യമില്ലെന്നു കണ്ട് ഇന്നേ ദിവസം 2020 മാർച്ച് മാസം 2 – ാം തീയതി തീർപ്പാക്കുന്നു.

**(ഒപ്പ്)**
**എസ്. സോമനാഥൻ പിള്ള**
**വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**ജോയിന്റ് സെക്രട്ടറി**

srv